## 4

**ദൈവം ഉണ്ടോ?**
**ഉണ്ട്, കാരണം മറ്റെങ്ങനെ നമുക്ക് വിശദമാക്കാം ...**

# ബുദ്ധി ശക്തിയും മനസ്സാക്ഷിയും

**ബുദ്ധിശക്തി**

ചലിക്കുന്ന ചന്ദ്രൻ അതാരോ ഉണ്ടാക്കി എന്നു തെളിയിക്കുകയും അവനു വസ്തുക്കളെ ചലിപ്പിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുന്നു, അങ്ങനെ ജീവനുള്ള വസ്തുക്കളെ ജീവിപ്പിക്കുന്നവൻ ഉണ്ട് എന്നു വരുന്നു. മറ്റൊരു യാഥാർഥ്യം - വസ്തുവിനേക്കാൾ ഉയർന്ന, ചലനത്തേക്കാൾ ഉയർന്ന, ജീവനേക്കാൾ ഉയർന്ന - ഒന്നാണ് ബുദ്ധിശക്തി. അതിനെ ഒരു വ്യക്തിയുടെ വ്യക്തമായ ചിന്ത എന്നു പറയുവാൻ സാദ്ധ്യമല്ല, ബുദ്ധിശക്തി – ഇല്ലാത്ത ഒരാൾ അതു പകർന്നു കൊടുപ്പാൻ കഴിയുകയില്ല.

ഒരു വസ്തുവിനു ജീവൻ ഉള്ളതുപോലെ ജീവനേക്കാൾ വളരെ ഉയർന്നതാണ് മനുഷ്യന്റെ ബുദ്ധിശക്തി. മനുഷ്യമനസ്സു അത്ഭുതാവഹമാണ്, കാരണം അതിന്റെ ശക്തി അറിയപ്പെടാത്തതാണ് ഒരു റഷ്യൻ പണ്ഡിതൻ ആയ, ഇവാൻ യെഫ്രെമോവ്, എഴുതി:

> നരവംശശാസ്ത്രത്തിലും, മനശാസ്ത്രത്തിലും, യുക്തിയിലും ശരീരശാസ്ത്രത്തിലും അവസാനമായി മനുഷ്യമനസ്സു എത്ര ശക്തിയുള്ളതും വലുതുമാണെന്നു കണ്ടെത്തുകയുണ്ടായി. മനുഷ്യ ബുദ്ധിയുടെ ഘടനയെയും പ്രവർത്തനത്തെയുംകുറിച്ചു ആധുനിക ശാസ്ത്രം നമുക്കു ചിലതു മനസ്സിലാക്കിതരുന്ന ഉടനെ, അതിന്റെ സൃഷ്ടിക്കുവാനുള്ള അപാര കഴിവിൽ തട്ടി നില്ക്കും. മനുഷ്യന്റെ ശരാശരി പ്രവൃത്തി സ്ഥിതിയും ജീവിതവും നോക്കിയാൽ അവന്റെ ചിന്തയുടെ ചെറിയൊരു അംശം മാത്രമെ ഉപയോഗിക്കുന്നുള്ളൂ. നമ്മുടെ ബുദ്ധിയെ, അതിന്റെ കഴിവിന്റെ പകുതിഭാഗമേ, ഉപയോഗിക്കുവാൻ കഴിവുള്ളു എങ്കിലും മറ്റു ബുദ്ധിമുട്ടുകൾ കൂടുതെ, 40 ഭാഷകൾ പഠിക്കുവാനും എൻസൈക്ലോപീഡിയ മുഴുവൻ ഓർമ്മിക്കുവാനും, ഡസൻ

കണക്കിനു കോളേജുകളിലെ കോഴ്സുകൾ പഠിക്കുവാനും കഴിയുന്നു.[1]

സ്വാഭാവികമായ പതിനാലു ബില്ല്യൻ ആന്തരിക ആശയവിനിമയം നടത്തുന്ന ഘടകങ്ങളുള്ള ഒരു കമ്പ്യൂട്ടർ പോലെയാണ് മനുഷ്യന്റെ ബുദ്ധി, പ്രകൃതിയെ ഉപയോഗിക്കുന്നതിൽ അപകടം നേരിടുന്ന ഏക അസാധാരണ കമ്പ്യൂട്ടറും അതുതന്നെ. ഫ്രഞ്ചു തത്വചിന്തകനും, ഗണിത ശാസ്ത്രജ്ഞനുമായ ബ്ലെയിസ് പാസ്ക്കൽ, എഴുതി, "മനുഷ്യൻ ഒരു ചൂരൽ പോലെയാണ്, പ്രകൃതിയിൽ ഉറപ്പില്ലാത്ത ഒന്നാണത്; അവൻ ചിന്തിക്കുന്ന ചൂരലാണ്. ... പ്രപഞ്ചം അവനെ കൊല്ലുമെങ്കിലും, മനുഷ്യൻ തന്നെ കൊല്ലുന്ന പ്രപഞ്ചത്തേക്കാൾ ഉത്തമൻ ആണ്, കാരണം താൻ മരിക്കുമെന്നു അവനറിയാം; പ്രപഞ്ചത്തിനു മനുഷ്യന്മേലുള്ള നേട്ടത്തെക്കുറിച്ചു പ്രപഞ്ചത്തിനു ഒന്നുമറിയില്ല. അങ്ങനെ എല്ലാ പ്രതാപവും ചിന്തയിലാണ് അടങ്ങിയിരിക്കുന്നത്."

മനുഷ്യമനസ്സിന്റെ മത്സരം ഏതാണ്ടു ചാൾസ് ഡാർവിനെ ദൈവ വിശ്വാസിയാക്കി പരിവർത്തനം ചെയ്തിരിക്കുകയും മനുഷ്യ ബുദ്ധിയുടെ "ഭൂതകാലത്തിലേക്കും ഭാവിയിലെ വിദൂരതയിലേക്കും നോക്കുവാൻ" കഴിയും, അതു അദ്ദേഹത്തെ "ഏതാണ്ടു മനുഷ്യനു സമാനമായ ബുദ്ധിയും മനസുമുള്ള ഒരു കാരണ ഭൂതനായ വ്യക്തി" ഉണ്ടെന്നു കരുതുവാൻ നിർബന്ധിക്കുന്നു. അദ്ദേഹം കൂട്ടിചേർത്തു, "ഞാൻ ഒരു ദൈവ വിശ്വാസി എന്നു പറയുവാൻ യോഗ്യനല്ല." എങ്ങനെയായാലും, അദ്ദേഹം മനുഷ്യമനസ്സ് "ഏറ്റവും താഴ്ന്ന മൃഗങ്ങൾക്കു കൈവശമാക്കുവാൻ കഴിയാത്തതു," എന്ന് എഴുതിയിട്ടുണ്ട്, പിന്നെ അദ്ദേഹം "വലിയ തീർപ്പ്" സംശയിക്കുന്നതായി അതിലേക്കു നയിച്ച മനുഷ്യനിൽ ആശ്രയിക്കാം.[2] അതുകൊണ്ട് ഡാർവിൻ തന്റെ മനസ്സു പറഞ്ഞതു ഡാർവിൻ സ്വീകരിച്ചില്ല. കാരണം തന്റെ മനസ്സു അങ്ങനെ പറയുവാൻ മത്സരിക്കുന്ന പരിഗണനയിൽ അല്ല.

മനസ്സിനെ സംയോജിപ്പിച്ചതു എങ്ങനെ? ഒരു ശാസ്ത്രജ്ഞൻ പറഞ്ഞു, മനുഷ്യമനസ്സു വരുന്നത് "അടിസ്ഥാന മൂലകങ്ങളിൽ" നിന്നാണ് (ഇതു ആരംഭത്തെ കുറിക്കുന്നുണ്ടോ?) ജന്മസിദ്ധമായ "മാനസിക സ്വഭാവങ്ങൾ" "ബലഹീന തീവ്രതയും ദരിദ്ര സ്വഭാവത്തെയും" കാണിക്കുന്നു. അത്തരം സ്വഭാവങ്ങൾ ഊഹിച്ചുള്ളതാണ്, ഡാർവിൻ പറഞ്ഞു, "ബോധത്തിനു എങ്ങനെ ഒരു വസ്തു സംവിധാനം ചെയ്യുവാൻ കഴിയുന്നു എന്നു എനിക്കു മനസ്സിലായില്ല."[3] മറ്റൊരു "പഠിച്ച" സാങ്കല്പിക സിദ്ധാന്തം മനുഷ്യ ബോധം "ഒരു പച്ചയായ ചരിത്രത്തിനു മുൻപുള്ള ശുദ്ധീകരിച്ച ബയോല്യൂമിനെസെൻസിന്റെ പിന്തുടർച്ച" യാൽ (അതായതു, പരിണാമ മിന്നൽ). ആ ഭാഷ ആഴമേറിയ പ്രകടനം ഉണ്ടാക്കിയേക്കാം, എന്നാൽ അതു മനസ്സിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു ഉത്തരങ്ങൾ ആകുന്നില്ല.

അന്വേഷണ മനസിനു ഭാഗികമായ ഉത്തരം റെനേ ഡെസ്കാർട്ടെസിന്റെ വാക്കുകളിൽ ഉണ്ട് (1596–1650): "എന്റെ അസ്തിത്വത്തിനു എന്തെങ്കിലും അവസാനകാരണം ഉണ്ടെങ്കിൽ, അതു ചിന്തിക്കുന്ന

വസ്തുപോലെ ആണെന്നു സമ്മതിക്കണം."[4] സൃഷ്ടി ചിന്തിക്കുന്ന വസ്തുവാണെങ്കിൽ, തീർച്ചയായും സൃഷ്ടികർത്താവു അതിനേക്കാൾ ചിന്തിക്കുന്നവനാകണം. "ഫലത്തിലെന്നപോലെ തന്നെ ചുരുങ്ങിയതു കാരണത്തിലും യഥാർത്ഥ്യം ഉണ്ടാകണം,"[5] എന്നും ഡെസ്കാർട്ടെസ് പറഞ്ഞു. ഒരു ആധുനിക ചിന്തകൻ ഡെസ്കാർട്ടെസ് എഴുതിയതിനപ്പുറമായി മനുഷ്യന്റെ ബുദ്ധിയെയും വ്യക്തിത്വത്തെയും പറ്റി പറഞ്ഞു തന്റെ നിർമ്മാതാവിന്റെ "ബുദ്ധിശക്തിയും വ്യക്തിത്വവും ഞങ്ങൾക്കു വെളിപ്പെടുത്തി തരിക."[6] മനുഷ്യനു ദൈവത്തെക്കുറിച്ചു ബോധമുണ്ടെന്നും എന്നാൽ ദൈവത്തിനു തിരിച്ച് ഇല്ലെന്നും പറയുന്നതു യുക്തിക്കു നിരക്കാത്തതാണ്. ബോധത്തിന്റെ ഉറവിടം അബോധാവസ്ഥയല്ല. അതുകൊണ്ടു ബോധവും വ്യക്തിത്വവും ദൈവത്തിന്റെ വ്യക്തിത്വത്തെയാണ് തെളിയിക്കുന്നത്.

## മനസാക്ഷി

ചലിക്കുന്ന ചന്ദ്രൻ ദൈവം ജീവിക്കുന്നു എന്നു കാണിക്കുന്നില്ല, എന്നാൽ ഒരു വൃക്ഷം അതു കാണിക്കുന്നു. ഒരു വൃക്ഷം ദൈവം വ്യക്തിയാണെന്നു കാണിക്കുന്നില്ല, എന്നാൽ മനുഷ്യ വ്യക്തിത്വം അതു തെളിയിക്കുന്നു. അതുപോലെ, മനുഷ്യന്റെ മനസാക്ഷി, അവന്റെ ചുമതലാബോധം കാണിക്കുന്നതു ദൈവം വിലയുള്ള വ്യക്തി ആകയാൽ ധാർമ്മിക വ്യക്തിയാകുവാൻ ധാർമ്മിക മൂല്യങ്ങൾ പകർന്നു കൊടുത്തവൻ ധാർമ്മികനേക്കാൾ കുറഞ്ഞവൻ ആകുകയില്ല.

മനുഷ്യന്റെ നൈസർഗ്ഗിക സ്വഭാവം മൃഗങ്ങളിൽ കാണുന്നില്ല. മനുഷ്യർ തങ്ങളുടെ ജീവിതത്തിന്മേലുള്ള വില അറിവുള്ളവരാണ്, "പൂർണ്ണവും ആധികാരികവും ആയ അത്യുൽകൃഷ്ഠത ആവശ്യപ്പെടുന്നു."[7] ഒരു ആൾക്കുരങ്ങിന് സംസാരിക്കുവാൻ കഴിയുമെങ്കിൽ, പറയും, "എനിക്കു വേണം" എന്ന്; എന്നാൽ മനുഷ്യൻ പറയും, "എനിക്കു വേണ്ടതു തന്നെ" എന്ന്.

അവിശ്വാസി ആയിരുന്ന തോമസ് എച്ച്. ഹക്സ്ലേ (1825–95) തന്റെ മകൻ മരിച്ചപ്പോൾ അദ്രവത്വത്തിലാകും എന്ന ആശ്വാസം കൊള്ളൽ നിരസിച്ചു, കാരണം അദ്ദേഹം "സത്യത്തോടു കളിക്കുവാനോ, ഇല്ലാതാക്കുവാനോ ചെയ്യുന്നതു" നിരസിച്ചു.[8] എങ്ങനെയായാലും, ഹക്സ്ലേ താൻ വിശ്വസിച്ചതുപോലെ വെറും ആദ്യംതൊട്ടേ അസ്തിത്വമുള്ള സ്രവണമായിരുന്നു എങ്കിൽ, എന്തു വ്യത്യാസമാണ് വരുത്തുന്നത്? സ്പഷ്ടമായും, ഹക്സ്ലേയുടെ സത്യത്തോടുള്ള ഭക്തി തന്റെ മരണശരീരത്തിനു മാറ്റം വരുത്തിയില്ല. ഒരു സഞ്ചി രാസവസ്തുക്കൾക്കു അജ്ഞാതമായ ഗുണമാണ് സത്യസന്ധത. മനുഷ്യനിൽ ധാർമ്മിക ബോധം നല്കിയവൻ ധാർമ്മികതയില്ലാത്തവൻ എന്നു കരുതുന്നതു അയുക്തമായിരിക്കും.

ബെർട്ട്റന്റ് റസ്സൽ (1872–1970) മനുഷ്യന്റെ നന്മതിന്മകളെക്കുറിച്ചുള്ള ആന്തരിക തിരിച്ചറിവു മനസ്സിലാക്കി, എന്നാൽ മനുഷ്യനിൽ ഉള്ള തിരിച്ചറിവു നല്കിയ ശക്തിക്കു ചിന്തിക്കുവാനുള്ള കഴിവില്ല എന്നാണ്

അദ്ദേഹം വിശ്വസിച്ചത്. ''ആ സ്വഭാവം അസാധാരണമാണ്, സർവ്വശക്തനാണ് പക്ഷെ അന്ധനാണ്, ... അവസാനം ഒരു കുട്ടിയെ പുറത്തുകൊണ്ടുവരുന്നു, ... കാഴ്ച്ച എന്ന വരവും, നന്മതിന്മകളെ കുറിച്ചുള്ള അറിവും അവന്റെ ചിന്തിക്കുവാനാകാത്ത അമ്മ ചെയ്ത എല്ലാ പ്രവൃത്തികളെയും വിധിക്കുവാൻ കഴിയുന്നു."[9] അവനെ സംബന്ധിച്ച് വംശാവലി അറിഞ്ഞുകൂടാത്ത മനസ്സില്ലാത്ത, അന്ധയായ അമ്മ, കാഴ്ചയുള്ള, ചിന്തിക്കുവാൻ കഴിയുന്ന, ധാർമ്മിക കുട്ടിയെ ജനിപ്പിച്ചു.

ആകാശത്തെയും ധാർമ്മിക നിയമത്തെയും കുറിച്ചുള്ള പ്രഖ്യാപനങ്ങളാൽ ഇമ്മാനുവേൽ കാന്ത് ജനങ്ങളെ രസിപ്പിച്ചിട്ടുണ്ട്. ''ഞാൻ അവയെ കുറിച്ചു ചിന്തിക്കുമ്പോൾ എന്റെ അത്ഭുതം വർദ്ധിപ്പിക്കുന്നതാണ് കൂടുതൽ താല്പര്യത്തോടെ നോക്കുമ്പോൾ അറിയുന്നത് – നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം, അതിൽ ധാർമ്മിക നിയമം ഇല്ലാതെ ആരാലോ." കാന്ത് മനുഷ്യന്റെ നിരുപാധികവും ആജ്ഞാരൂപമുള്ള "വേണ്ടതു തന്നെ" എന്നതും പ്രാധാന്യമുള്ളതായി അദ്ദേഹം ദൈവം ഉണ്ടെന്നു തെളിയിക്കുകയാണ്. ദൈവം ഉണ്ട് എന്ന വാദഗതിയിൽ അയാൾ വിമർശിക്കപ്പെട്ടുവെങ്കിലും, അയാൾ മനുഷ്യന്റെ, നന്മയും, അതുവഴി സന്തോഷവും ആവശ്യപ്പെടുന്നു "ഈ ഫലത്തിനു തക്കതും മതിയായതും ആയ കാരണം ഉണ്ട്," ഒരു "ബുദ്ധിശക്തി (ഒരു വിവേകമുള്ള വ്യക്തി)," ഒരു "പരമോന്നത ബുദ്ധിശക്തി."[10]

വളരെ ശക്തമായി, അയാൾക്കു ആ വ്യക്തിയുടെ അസ്ഥിത്വത്തെ കാണുവാൻ കഴിഞ്ഞു. കാരണത്തെച്ചൊല്ലിയുള്ള വാദം ചെയ്തു കൊണ്ടാണെന്നോർക്കണം: ലോകത്തിന്റെ ബോധ്യത്തിനപ്പുറമായ മാനസികമായ ആശയങ്ങൾക്കപ്പുറമായിരുന്നു. എങ്ങനെയായാലും, കാരണവാദത്തെ എടുക്കുന്നവർ ലോകത്തിന്റെ ബോധ്യത്തിനു പുറകിലേക്കു ലോകത്തിന്റെ നിർമ്മാതാവിലേക്കു പോയി "ജീവതത്വ ശാസ്ത്രത്തിന്റെ കള്ള ന്യായത്തെ" സ്വീകരിച്ചു എന്നു തോന്നുന്നു – കാന്തും ലോകത്തിന്റെ ബോധ്യത്തിൽ നിന്നു ധാർമ്മിക മനുഷ്യന്റെ സന്തോഷത്തിലേക്കു ഫലപ്രദമായില്ല. ആ വ്യക്തിയുമായി, കാന്ത് പുളകിതനായി, അവനെക്കുറിച്ചു പറഞ്ഞു. "വിശുദ്ധ നിയമ ദാതാവ്," "ന്യായാധിപനും," "നല്ല നാടുവാഴിയും."[11]

എറിക്ക് ഫ്രാങ്ക് പ്രകടിപ്പിച്ച മനോഭാവം എത്ര വ്യത്യസ്തവും ദയാപുരസരവുമായിരുന്നു എന്നു അദ്ദേഹത്തിന്റെ "ധാർമ്മിക ഉൾക്കാഴ്ച്ച," തനിക്ക് ഉണ്ടായിരുന്നു എന്നു സമ്മതിക്കലാണ്, എന്നാൽ "മുഴുവനും പ്രപഞ്ചാതീതമായ ധിക്കാരം" എന്ന നിലപാട് സൂക്ഷിച്ചിരുന്നു. അയാൾ പറഞ്ഞു, "അവസാന തത്വത്തെ ഞാൻ തികച്ചും ചെറുത്തു നില്ക്കുകയും അതിനെ നിന്ദിക്കുകയും ചെയ്യും."[12]

മനുഷ്യനിൽ ഉള്ളതുപോലെ ശക്തിയും വിലയുള്ള നല്ല മനസ്സും, ഒരുപക്ഷെ, കാന്ത് മറ്റു മർത്യമായ ഒന്നിലും കണ്ടിരിക്കയില്ല. നിരുപാധികം ആജ്ഞാസ്വഭാവത്തിൽ സഹായിക്കുവാൻ, തത്വങ്ങളിൽ എല്ലായ്പ്പോഴും പ്രവർത്തിക്കണമെന്നും അതു സർവ്വലൗകികമാണെന്നും അയാൾ വിശ്വസിക്കുന്നു. വ്യക്തിപരമായി അയാൾ ലോകത്തിലെ ഏറ്റവും നല്ല മനുഷ്യൻ ആകണം. എങ്ങനെയായാലും

അവനിലെ ഉയർന്ന മൂല്യബോധം, ശുദ്ധമായ നിസ്വാർത്ഥത, എന്നിവക്കു "മൃദുവായ മാംസപ്പശയായ വസ്തു," "സ്പന്ദിക്കുന്ന പത,'' അല്ലെങ്കിൽ ''ആദ്യം തൊട്ടേ അസ്തിത്വമുള്ള ഒഴുക്ക്'' എന്നിവക്കൊന്നും വിശദീകരി ക്കുവാൻ സാധ്യമല്ല.

വസ്തുവിനു നന്മയും ദയയും സ്നേഹവും പുറപ്പെടുവിക്കുവാൻ കഴിയുമെങ്കിൽ പോലും, അവയ്ക്കു പരിണാമസിദ്ധാന്താവകാശ ലോകത്തിൽ സ്ഥാനമില്ല. മൂല്യബോധമുള്ള ഒരു വ്യക്തിയല്ലേ കാന്തിലും മൂല്യബോധം നല്കിയിരിക്കുന്നത്. പല്ലും നഖവും കൊണ്ടു മൃഗീയമായ നിലനില്പ്പിനു, ഉചിതമായിരിക്കുന്നതും അസ്ഥാനത്താണോ എന്നതാണ് ചിന്തിക്കേണ്ടത്. കാന്തിൽ സുബോധമുള്ള വിശദീകരണം എന്തെന്നാൽ രാത്രിയെ വെളിച്ചം പിന്തുടരുന്നതു കാണിക്കുന്നതു ഒരു നിർമ്മാതാവിനേക്കാൾ വലിയവനാണ് പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവു എന്നതാണ്: അവൻ ജീവിക്കുന്നവനും, ബുദ്ധിശക്തി ഉള്ളവനും അവൻ നല്ലവനുമാണ്.

### ഏതുതരം ദൈവം ആണ് അവൻ?

"ദൈവത്തിന്റെ അഗാധതത്വം നിനക്കു ഗ്രഹിക്കാമോ? സർവ്വ ശക്തന്റെ സമ്പൂർത്തി നിനക്കു മനസ്സിലാകുമോ?" (ഇയ്യോബ് 11:7). പൂർണ്ണതയിൽ, ഈ ചോദ്യത്തിനുള്ള ഉത്തരം, നിഷേധഭാവത്തിലാണ്, കാരണം ദൈവം "ആരാഞ്ഞുകൂടാത്ത കാര്യങ്ങളും, അസംഖ്യമായ അത്ഭുതങ്ങളും ചെയ്യുന്നു" (ഇയ്യോബ് 5:9). എങ്കിലും, ഒരാൾ പൂന്തോട്ടത്തിൽകൂടെ നടക്കുമ്പോൾ, തോട്ടം ഉണ്ടാക്കിയവനെ കാണുന്നില്ലെങ്കിലും അയാൾക്കു തീർച്ചയായും തോട്ടക്കാരനെക്കുറിച്ചു ചിലതു ഗ്രഹിക്കുവാൻ കഴിയും. അതുപോലെ, ഏതൊരു സാധാരണ വ്യക്തിയും പകലോ അല്ലെങ്കിൽ രാത്രിയിലോ ആകാശത്തേക്കു നോക്കിയാൽ, സർവ്വശക്തനായ സൃഷ്ടികർത്താവിന്റെ കൈവേലയും വിരുതും കാണാം (നോക്കുക സങ്കീർത്തനങ്ങൾ 19:1-3).

നിർജ്ജീവ വസ്തുക്കളുടെ സൃഷ്ടിത്വത്തിൽ, ഒരാൾക്കു ഒന്നോ അതിലധികമോ ശക്തിയുള്ള സൃഷ്ടികർത്താക്കളെ കാണാം. മൊത്തത്തിലുള്ള നിയമങ്ങളുടെ സ്പഷ്ടമായ യോജിപ്പിൽ, ഒരാൾക്കു സൃഷ്ടികർത്താവു ഏകനാണെന്നു ബോധ്യമാകും, കാരണം ഗ്രഹവിജയകരമായ ചലനങ്ങളും മറ്റും, അവനു സഹായകമായി അസംഖ്യം സഹായികൾ ഉണ്ടെങ്കിലും, സൃഷ്ടികർത്താവു ഒന്നു മാത്രമാണ്. കൂടാതെ, ഏതെങ്കിലും തരത്തിലുള്ള ജീവന്റെ സൃഷ്ടിതാവു ജീവൻ ഉള്ളവൻ ആകണം. ജീവനുള്ളവൻ, സ്വയ - ബോധമുള്ള വ്യക്തിയാണെങ്കിൽ, അയാൾക്കു പറയാം സൃഷ്ടികർത്താവു സൃഷ്ടിയേക്കാൾ ഒട്ടും കുറഞ്ഞവൻ ആകുകയില്ല എന്ന്. അതുപോലെ, സ്വയ - ബോധമുള്ള വ്യക്തിക്കു ധാർമ്മികമായ സംവേദനാശക്തി ഉണ്ടെങ്കിൽ, സൃഷ്ടികർത്താവു തന്നേക്കാൾ കുറഞ്ഞവനാണെന്നു ചിന്തിക്കുന്നതു യുക്തിരഹിതമാവും. പടി പടിയായി, യാഥാർഥ്യത്തിന്റെ ഒരു ലെവലിൽ നിന്നു മറ്റൊരു ലെവലിലേക്കു നീങ്ങുമ്പോൾ, അയാൾ ഒരിക്കലും കണ്ടിട്ടില്ലാത്ത

സൃഷ്ടികർത്താവിനെ, കൂടുതൽ അറിയുവാൻ വാഞ്ഛരിക്കുന്നു.

ദൈവം വെറും സ്നേഹവും അല്ലെങ്കിൽ ആത്മീയവിശുദ്ധിയും മാത്രമാണെന്നു പറയുന്നവർ - വേർപെടുത്തിയെടുത്ത ആശയം (പ്ലാറ്റോ) അല്ലെങ്കിൽ ഒരു വൃദ്ധനായ താടിയുള്ള മനുഷ്യൻ അല്ലെങ്കിൽ മനുഷ്യന്റെ സൃഷ്ടി (സീനോഫെയിൻസ്) അല്ലെങ്കിൽ മനുഷ്യമനസ്സിന്റെ വീക്കം (ലുഡ്വിഗ് ഫ്യൂയെർബക്ക്) അല്ലെങ്കിൽ ആഗ്രഹിക്കുന്ന ചിന്ത (സിഗ്മണ്ട് ഫ്ര്യുഡ്) അല്ലെങ്കിൽ മരിച്ചതായ (ഫ്രഡറിക് നിയസ്ക്കേ) അല്ലെങ്കിൽ നമ്മുടെ വ്യക്തിത്വ പശ്ചാത്തലം (പോൾ ടില്ലിക്) അല്ലെങ്കിൽ നമ്മുടെ ബലഹീന വികാരങ്ങളാൽ തൊടുവാൻ പറ്റാത്തവർ - എല്ലാ തെളിവുകളും പരിഗണിക്കില്ല. "ചെവിയെ നട്ടവൻ കേൾക്കയില്ലയോ? കണ്ണിനെ നിർമ്മിച്ചവൻ കാണുകയില്ലയോ?" (സങ്കീർത്തനങ്ങൾ 94:9). മനുഷ്യനിൽ അഗാധ വികാരം നല്കിയവനിൽ, വികാരം ഇല്ലയോ?

---

കുറിപ്പുകൾ

[1]ഐവാൻ എഫ്രെമോവ്, "ദ ഹ്യൂമൻ ബ്രെയിൻ ഗോഡ് മെയിഡ്," *ട്വെന്റിയത്ത് സെഞ്ചുറി ക്രിസ്റ്റ്യൻ* (ആഗസ്റ്റ് 1970): 8. [2]ഫ്രാൻസിസ് ഡാർവിൻ, എഡ്., *ലൈഫ് ആന്റ് ലെറ്റേഴ്സ് ഓഫ് ചാൾസ് ഡാർവിൻ* (ന്യൂയോർക്ക്: ഡി. അപ്ളെറ്റോൻ ഇ കമ്പനി., 1911), 1:282. [3]ഡി. എഫ്. ലാഡെൻ, യൂണിവേഴ്സിറ്റി ഓഫ് കാന്റർബറി അറ്റ് ക്രൈസ്റ്റ് ചർച്ച്, ന്യൂസിലാന്റ്; ക്വോട്ടഡ് ഇൻ ജോൺ ലിയർ, "ദ ഫ്യൂചർ ഓഫ് ഗോഡ്," *സാറ്റർഡേ റെവ്യു* (29 ആഗസ്റ്റ് 1964): 184. [4]റെനേ ഡെസ്കാർട്ടെസ്, *ഡെസ്കാർട്ടെസ് സെലക്ഷൻസ്*, എഡ്. റാൽഫ് എം. ഈറ്റൺ (ന്യൂയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1927), 123. [5] ഇബിഡ്. [6]*ദ എൻസൈക്ലോപീഡിയാ അമേരിക്കാനാ*, 1962 എഡ്., എസ്.വി. "തീയിസം," ബൈ എച്ച്. ഡബ്ളിയു. റൈറ്റ്. [7]ജോൺ ഹിക്ക്, *ക്ലാസിക്കൽ ആന്റ് കോൺടെമ്പററി റീഡിങ്സ് ഇൻ ദ ഫിലോസഫി ഓഫ് റിലീജിയൻ* (എങ്കിൾവുഡ് ക്ലിഫ്സ്, എൻ. ജെ.: പ്രെൻന്റിസ് - ഹാൾ, 1965), 471. [8]ഡേവിഡ് എൽട്ടൺ ട്രൂബ്ലഡ്, *ഫിലോസഫി ഓഫ് റിലീജിയൻ* (ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്., 1957), 108. [9]ബെർട്രന്റ് റസ്സൽ, *മിസ്റ്റിസിസം ആന്റ് ലോജിക്* (ന്യുയോർക്ക്: ബാർനെസ് & നോബിൾ, 1959), 48. [10]ഇമ്മാനുവേൽ കാന്ത്, "തിയറി ഓഫ് എത്തിക്സ്," ഇൻ *കാന്ത് സെലക്ഷൻസ്*, എഡ്. തിയോഡർ മേയർ ഗ്രീൻ (ന്യൂയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1957), 360–67.

[11]ഇബിഡ്., 367. [12]ഗെഡെസ് മാക്ഗ്രിഗോർ, *ഇൻട്രോഡക്ഷൻ ടു റിലീജിയസ് ഫിലോസഫി* (ബോസ്റ്റൺ: ഹുഗ്ടൺ മിഫ്ലിൻ കമ്പനി., 1959), 120.

## “വിശുദ്ധനായവൻ”

ദൈവത്തെ *കാദോഷ്,*[1] എന്നു വിളിച്ചിരിക്കുന്നു, “വിശുദ്ധനായവൻ” എന്നർത്ഥം. മൂലാർത്ഥമായ “വേർപെടുത്തുക, മാറുക, വിശുദ്ധരാകുക” എന്നിവയിൽനിന്നാണ് അതു വരുന്നത്. അവൻ വിശുദ്ധനാകയാൽ അവനു തിന്മയുള്ള ഒന്നുമായും ബന്ധപ്പെടുവാൻ സാധ്യമല്ല. “നീ ദുഷ്ടതയിൽ പ്രസാദിക്കുന്ന ദൈവം അല്ല; ദുഷ്ടൻ നിന്നോടുകൂടെ പാർക്കയില്ല” (സങ്കീർത്തനങ്ങൾ 5:4). “ദോഷം കണ്ടുകൂടാത്തവണ്ണം നിർമ്മല ദൃഷ്ടിയുള്ളവനും പീഡനം കാൺമാൻ കഴിയാത്തവനുമായുള്ളോനേ ...” (ഹബക്കൂക്ക് 1:13). നേരെമറിച്ച്, അന്യജാതിക്കാരുടെ ദേവന്മാർ ദുഷ്ടതയുമായി പങ്കുചേരുന്നവരാണ്. ഉത്തമനായ യഹോവയുടെ നൈർമ്മല്യം അവനെ സത്യദൈവമാക്കി നിർത്തുന്നു. യഹോവയുടെ ഈ ഗുണം സാറാഫുകൾ നിർത്താതെ സ്തുതിച്ചുകൊണ്ടിരിക്കുന്നു (“സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ”; യെശയ്യാവ് 6:3) നാലു ജീവികളും അങ്ങനെ ചെയ്യുന്നു (“നാലു ജീവികളും സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരുന്നു ...”; വെളിപ്പാട് 4:8). താൻ വിശുദ്ധൻ ആകയാൽ വിശുദ്ധരാകുവാൻ ദൈവം യിസ്രായേലിനോടും (ലേവ്യാ പുസ്തകം 11:44, 45) ക്രിസ്ത്യാനികളോടും (1 പത്രൊസ് 1:16) പറഞ്ഞു.

---

കുറിപ്പ്

[1]സദൃശ വാക്യങ്ങൾ 9:10; 30:3 ലും ഹോശേയ 12:2, 13 ലും *കാദോശ്* എന്നതു ബഹ്യവചനം “ദൈവം” എന്നും “യഹോവ” എന്നും പറയുന്നതുപോലെയാണ്, എന്നാൽ അതും “വിശുദ്ധനായവൻ” എന്നു തർജ്ജിമ ചെയ്യുവാൻ ചിന്തിച്ചില്ല. സ്പഷ്ടമായും, ബഹ്യവചനം ബഹുമാനത്തെ കാണിക്കുന്നു (അതായതു, ശക്തിയെയും ബഹുമാനത്തേയും സൂചിപ്പിക്കുന്നതിനു) ഉദ്ദേശിച്ചുള്ളതാണ്.

© 2009 Truth for Today